**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1377** **03-02-2026 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ടൂറിസം വികസനത്തിനായി ആവിഷ്കരിച്ചതും 26.07.2025-ന് 2,98,46,600 രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതുമായ ബീച്ച് കോറിഡോർ പദ്ധതി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | 26.07.2025 തീയ്യതിയിലെ GO(Rt)No. 462/2025/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2,96,46,600/- രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതിയാണ് "വൈപ്പിൻ ബീച്ച് കോറിഡോർ". തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സെപ്റ്റംബർ മാസം വർക്ക് ഓഡർ നൽകുകയും, ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.<br><br>സൈറ്റ് കണ്ടീഷൻ അനുസരിച്ചുള്ള മാറ്റങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതായി വന്നിരുന്നു. ടി എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നൽകുന്നത് ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ന്റെ സാങ്കേതിക അനുമതി കമ്മിറ്റിയാണ്. നിലവിൽ എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി കമ്മിറ്റിയുടെ പരിഗണനയിലാണ്. ആയത് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | 12.09.2025-ലെ ടൂറിസം വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടൂറിസം ഡയറക്ടറും നിർവഹണ ഏജൻസിയായ കേരള ഇലക്ട്രിക്കൽ & എൻജിനീയറിംഗ് കമ്പനി ലിമിറ്റഡും പതിന്നാല് ദിവസത്തിനുള്ളിൽ കരാറിലേർപ്പെടണമെന്നും ഏഴ് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്നും നിഷ്കർഷയുണ്ടായിട്ടും ഭരണാനുമതി ലഭിച്ച് നാല് മാസം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം വിശദമാക്കാമോ; | (ബി) | 26.07.2025 തീയ്യതിയിലെ GO(Rt)No. 462/2025/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2,96,46,600/- രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതിയാണ് "വൈപ്പിൻ ബീച്ച് കോറിഡോർ". തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സെപ്റ്റംബർ മാസം വർക്ക് ഓഡർ നൽകുകയും, ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.<br><br>സൈറ്റ് കണ്ടീഷൻ അനുസരിച്ചുള്ള മാറ്റങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതായി വന്നിരുന്നു. ടി എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നൽകുന്നത് ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ന്റെ സാങ്കേതിക അനുമതി കമ്മിറ്റിയാണ്. നിലവിൽ എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി കമ്മിറ്റിയുടെ |

| | | | |
|---|---|---|---|
| | | | പരിഗണനയിലാണ്. ആയത് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വർഷങ്ങൾക്ക് മുൻപ് ആവിഷ്കരിക്കപ്പെട്ട പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | കരാർ കാലവധി മുതൽ 7 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ